**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3031

15 .12.2015-ൽ മറുപടിയ്ക്ക്

# ' കൊയിലാണ്ടി മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ'

| ചോദ്യം<br>ശ്രീ. കെ. ദാസൻ, | മറുപടി<br>ശ്രീ. അടൂർ പ്രകാശ്<br>റവന്യൂവും കയറും വകുപ്പ് മന്ത്രി |
|---|---|
| (എ) ഈ സർക്കാരിന്റെ കാലയളവിൽ റവന്യു വകുപ്പ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാം; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര; വിശദമാക്കാമോ; | (എ) കൊയിലാണ്ടി മണ്ഡലത്തിൽ റവന്യു വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവർത്തനങ്ങൾ :-<br>പയ്യോളി പഞ്ചായത്തിൽ ഫുട്ട് ബ്രിഡ്ജിന്റെ മുകൾ ഭാഗത്ത് കുറ്റ്യാടി പുഴയിൽ കോട്ടത്തുരുത്തി ദ്വീപിന്റെ സംരക്ഷണ പ്രവർത്തിക്കായി 44.50 ലക്ഷം രൂപ അനുവദിക്കുകയും പ്രവർത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഈ സർക്കാരിന്റെ കാലത്ത് റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്ന് കൊയിലാണ്ടി മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾക്ക് അംഗീകാരം നൽകി; എത്ര തുക ഓരോ പദ്ധതിക്കും അനുവദിച്ചു; വിശദമാക്കുമോ; | (ബി) റിവർ മാനേജ്മെന്റ് ഫണ്ട് പ്രകാരം അംഗീകാരം നൽകിയ പദ്ധതികൾ :-<br><br>(1) പയ്യോളി പഞ്ചായത്തിൽ ഫുട്ട് ബ്രിഡ്ജിന്റെ മുകൾ ഭാഗത്ത് കുറ്റ്യാടി പുഴയിൽ കോട്ടത്തുരുത്തി ദ്വീപിന്റെ സംരക്ഷണ പ്രവർത്തി ; 44.50 ലക്ഷം രൂപ ; പ്രവർത്തി പൂർത്തീകരിച്ചു.<br><br>(2) പയ്യോളി പഞ്ചായത്തിൽ കുറ്റ്യാടി പുഴയിൽ കോട്ടത്തുരുത്തി ദ്വീപിന്റെ സംരക്ഷണ പ്രവർത്തി ; 44.50 ലക്ഷം രൂപ ; ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ഈ സർക്കാരിന്റെ കാലയളവിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ട്; പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതു വരെ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ 190 പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട് . ആയത് പഞ്ചായത്ത് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു :-<br>1. ചേമഞ്ചേരി പഞ്ചായത്ത് -20<br>2. ചെങ്ങോട്ടുകാവ് പഞ്ചായത്ത് - 25<br>3. കൊയിലാണ്ടി നഗരസഭ - 68<br>4. മൂടാടി പഞ്ചായത്ത് - 15<br>5. തിക്കോടി പഞ്ചായത്ത് - 24<br>6. പയ്യോളി മുനിസിപ്പാലിറ്റി - 38 |
| (ഡി) പ്രസ്തുത എത്ര അപേക്ഷകൾ ഇനി കളക്ടറേറ്റിൽ തീർപ്പാക്കാനുണ്ട് ? | (ഡി) കളക്ടറേറ്റിൽ അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയില്ല. |

സെക്ഷൻ ഓഫീസർ